എഡിറ്റർ

ഡോ. തോമസ് സ്കറിയ

# ഇന്ദു മേനോൻ

## കഥ കാമന കലാപം





**Indhu Menon: Kadha, Kamana, Kalapam**
***Edited By: Dr. Thomas Scaria***

Malayalam Studies

Published by:-
**FEMINGO BOOKS**
femingobooks@gmail.com
Ph: 90740 98776, 8301034604

*Cover Design:*
*Maxlab*
*Cover Picture:*
*Shri. Kannan G. Mani*

*Copyright:*
*Femingo Books*

Printed in India
at Max

Edition:
First Editon May 2023
Copies: 1000

Price: Rs. 310

ISBN: 978-93-91085-82-7

*No part of this book's content shall be used in any format without prior permission from the publishers. Copyright material. All right reserved to Femingo Books. Maxlive Media Solutions Pvt Ltd*

## ഒന്ന്

# ഹിന്ദു ഛായയുള്ള മുസ്ലീം പുരുഷൻ എന്ന കഥയിലെ ശരീരരാഷ്ട്രീയം : പൊതുഭാവുകത്വവും പ്രതിസൗന്ദര്യശാസ്ത്രവും

**ഡോ. ജൈനിമോൾ കെ.വി**

തുറന്നെഴുത്തുകളുടെയും സ്ത്രൈണലൈംഗികതയുടെയും
ആഘോഷം എന്ന നിലയ്ക്കാണ് ഇന്ദുമേനോൻ കഥകൾ പൊതു
വേ വിലയിരുത്തപ്പെട്ടിട്ടുള്ളത്. അത് ശരിയുമാണ്. ലൈംഗിക
സദാചാരത്തെയും പിതൃപ്രധാനമായ സാമൂഹിക അവസ്ഥകൾക്കെ
തിരെയും അവർ നിരന്തരം കലഹം പ്രഖ്യാപിക്കുന്നു. സ്ത്രീ
എന്നാൽ പാതിവ്രത്യം കാത്തുസൂക്ഷിക്കേണ്ടവളാണെന്നും അട
ങ്ങിയൊതുങ്ങി വീട്ടിലിരിക്കേണ്ടവളാണെന്നുമുള്ള ആൺനോട്ടങ്ങ
ളെ ഇന്ദുമേനോന്റെ സ്ത്രീകഥാപാത്രങ്ങൾ അട്ടിമറിക്കുന്നു. "ലൈം
ഗികതയെ ഒളിപ്പിക്കുന്നത് ഉദാത്ത സാഹിത്യവും ആ പ്രാകൃതവി
കാരത്തെ തുറന്നെഴുതുന്നത് ജീർണ്ണസാഹിത്യവുമാകുന്ന പശ്ചാ
ത്തലം ശരീരത്തിന്റെ ഇച്ഛകളെ ദമനം ചെയ്യാൻ ആവശ്യപ്പെടുന്ന
ആധുനികതാപരിസരമാണ്. ലൈംഗികതയെ മറച്ചെഴുതുന്നവ
ഉദാത്ത/ ഗൗരവ എഴുത്തുകാരും മറിച്ചുള്ളവർ ജനപ്രിയന്മാരും ആ
കുന്നു. ഇങ്ങനെ ഉദാത്തമായി എഴുതിയിരുന്നവരിൽ ഭൂരിപക്ഷവ
പുരുഷന്മാരായിരുന്നുവെന്നതും അവരുടെ എഴുത്തുകളിൽ സ്ത്രീ
നിശ്ശബ്ദയായിരുന്നു എന്നതും ആധുനികതാപരമായ പരിവർത്ത
നങ്ങളുടെ ലിംഗപരിധിയെ കൃത്യമായി വെളിപ്പെടുത്തുന്നു." (20
58) ഒളിപ്പിച്ചുവെച്ച ലൈംഗികതകളെ തിരസ്കരിച്ചുകൊണ്ട് തു
റന്നെഴുത്തിന്റെ കലാപക്കൊടി നാട്ടിയ ആധുനിക മലയാളിഎഴുത്തു
കാരുടെ തുടർച്ചയാണ് ഇന്ദുമേനോൻ. കഥാസാഹിത്യത്തി